**<u>സിറ്റിസൺ അദാലത്ത്- ഇന്റേണൽ വിജിലൻസ് ഓഫീസർ -3, LSGD, ഇടുക്കി</u>**

**<u>പ്രൊസീഡിംഗ്സ് നമ്പർ- 100/2023 IVO LSGD ,Idukki dtd 14/03/2024</u>**

**പരാതിക്കാരൻ- ജോബ് എൻ.ജെ, നേര്യംപറമ്പിൽ വീട്, ദേവികുളം ഗ്രാമപഞ്ചായത്തിൽ നിന്നും ശ്രീ. ജോബ് എൻ.ജെ ക്ക് ഹോം സ്റ്റേ നടത്തുന്നതിന് ലൈസൻസ് നിഷേധിച്ചത് സംബന്ധിച്ചാണ് പരാതി.**

## <u>സെക്രട്ടറിയുടെ റിപ്പോർട്ട്</u>

ദേവികുളം ഗ്രാമപഞ്ചായത്തിൽ ശ്രീ. ജോബ് ജോസഫിന്റെ ഉടമസ്ഥതയിലുള്ള 12/71-ാം നമ്പർ കെട്ടിടത്തിന്റെ ഉപയോഗ ക്രമം പാർപ്പിടം എന്നാണ് പഞ്ചായത്ത് രേഖകളിൽ ഉള്ളത്. ആയതിനാൽ ഒരു കെട്ടിടത്തിൽ രണ്ട് ഉപയോഗക്രമം അനുവദിക്കാൻ സാധിക്കുകയില്ല എന്നാണ് സെക്രട്ടറിയുടെ റിപ്പോർട്ട്.

## <u>തീരുമാനം</u>

ബഹു. സംസ്ഥാന സർക്കാർ വിനോദ സഞ്ചാരം (സി) വകുപ്പിന്റെ 03.06.2022 ലെ 177/2022/TSM നമ്പർ ഉത്തരവ് പ്രകാരം ഹോം സ്റ്റേകളുടെ നടത്തിപ്പിന് വേണ്ടിയുള്ള വിനോദ സഞ്ചാര വകുപ്പ് നൽകുന്ന ഹോം സ്റ്റേ ക്ലാസിഫിക്കേഷന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപ പത്രം ഒഴിവാക്കിയിട്ടുണ്ട്. ടി സാഹചര്യത്തിൽ അപേക്ഷകന് വിനോദ സഞ്ചാര വകുപ്പിൽ നിന്നുള്ള ക്ലാസിഫിക്കേഷൻ രേഖ ഉണ്ടെങ്കിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് പ്രത്യേകം അനുവാദം ആവശ്യമില്ല എന്ന് കാണുന്നു. ടി സാഹചര്യത്തിൽ വിനോദ സഞ്ചാര വകുപ്പിൽ നിന്നുള്ള ക്ലാസിഫിക്കേഷൻ രേഖകളുടെ അടിസ്ഥാനത്തിൽ ഹോം സ്റ്റേ നടത്തുന്നതിന് അപേക്ഷകന് തടസ്സമില്ല എന്ന് അറിയിച്ചുകൊണ്ട് പരാതി തീർപ്പാക്കി തീരുമാനിച്ചു.